LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.പി. ബാലൻ വൈദ്യർ : ഞാൻ പത്രത്തിന്റെ ഏജൻസി നടത്തിയിട്ടുണ്ട്. ആ കാലത്ത് 25% കമ്മിഷൻ സബ് ഏജന്റുമാർക്ക് കൊടുത്തിട്ടുണ്ട്. കേരളത്തിൽ മറ്റാരും കൊടുക്കാത്തത് കൊടുത്തിട്ടുണ്ട്. ഏജന്റുമാരേയും സബ് ഏജന്റുമാരേയും ഏറ്റവുമധികം ചൂഷണം ചെയ്യുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ചില കുത്തകപ്പത്രങ്ങൾ ആ നിലയിൽ ചൂഷണം ചെയ്യുന്നുണ്ട്. ഇവർക്ക് സംരക്ഷണം കിട്ടണം. ഇവർക്ക് കിട്ടിയിരുന്ന ആനുകൂല്യങ്ങൾ പോലും അവരറിയാതെ എടുത്തു മാറ്റപ്പെടുന്ന അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് പത്ര ഏജന്റുമാർക്ക് ക്ഷേമനിധിയും പെൻഷനും വേണമെന്ന് പറയുന്നത്.

ശ്രീ. കെ.പി. രാജേന്ദ്രൻ : അങ്ങ് ക്ഷേമനിധി ആനുകൂല്യങ്ങളെ സംബന്ധിച്ച് പറയുകയുണ്ടായി. ഏജന്റുമാരുടെ കീഴിലുള്ള സബ് ഏജന്റുമാരുടെ കാര്യം വളരെ ഗൗരവപ്പെട്ട പ്രശ്നമാണ്. ഇപ്പോൾ പുതിയൊരു ഏജന്റായി ഒരു സ്ഥലത്ത് ആർക്കും ഈ തൊഴിലിനു വരാൻ കഴിയുന്നില്ല.. ഓരോ ഏര്യയും ഓരോരുത്തരുടെ കയ്യിലാണ്. അവർക്ക് വലിയ സംഖ്യ കൊടുക്കണം. അവിടെ പുതിയതായി ഒരാൾക്ക് പത്തോ അമ്പതോ നൂറോ പത്രം വിതരണം ചെയ്ത് ആ ജോലിയിൽ പ്രവേശിക്കാൻ കഴിയാത്തവിധം നിലവിലുള്ള വലിയ ഏജന്റുമാർ ആ ഏരിയ കയ്യടക്കി വച്ചിരിക്കുന്ന കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി.പി. ബാലൻ വൈദ്യർ : അതുണ്ട്. വിപുലമായ പ്രദേശം ഒരാളുടെ കയ്യിലാക്കുക, എന്നിട്ട് അയാൾ പത്തോ പന്ത്രണ്ടോ ആളുകളെക്കൊണ്ട് പത്ര വിതരണം നടത്തിക്കുക, അതെല്ലാം ഈ രംഗത്തുണ്ട്. ഞാൻ ആവശ്യപ്പെടുന്നത്, ഈ ഏജന്റുമാരേയും സബ് ഏജന്റുമാരേയും സഹായിക്കത്തക്കവിധത്തിലുള്ള നടപടി വേണം. പത്രത്തിൽനിന്നുതന്നെ അവർക്ക് ക്ഷേമനിധിയും മറ്റ് ആനുകൂല്യങ്ങളും ലഭിക്കണമെന്നുള്ള ലക്ഷ്യം വച്ചുകൊണ്ടാണ് ഞാൻ ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. (ചർച്ച തുടരും)

5. 2000-ലെ കേരള കലാപ്രവർത്തക ക്ഷേമനിധി ബിൽ

(ശ്രീ. പി.സി. ജോർജ് നോട്ടീസ് നൽകിയത്)

(പ്രമേയാവതാരകൻ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ ചർച്ചയ്ക്കെടുത്തില്ല)

3. ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ (തുടർ ചർച്ച)

(1) 1998-ലെ കേരള ഹോമിയോപ്പതിക് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ (ശ്രീ. പി. രാജു നോട്ടീസ് നൽകിയത്)

ശ്രീ. പി. രാജു : സർ, 1998-ൽ അവതരിപ്പിച്ച ഒരു ബില്ലാണിത്. രണ്ടു വർഷക്കാലം കഴിഞ്ഞപ്പോഴാണ് ഇതിനെക്കുറിച്ച് വീണ്ടും സംസാരിക്കാനുള്ള ഒരവസരം കിട്ടിയത്. ഇക്കണക്കിനു പോയാൽ രോഗി ചത്ത് എല്ലാം കഴിഞ്ഞതിനുശേഷം മാത്രമേ എന്തെങ്കിലും നടപ്പിലാകുകയുള്ളൂ. ഹോമിയോ ചികിത്സ ലോക പ്രസിദ്ധമായ ചികിത്സയാണ്. ഇത് കേരള സംസ്ഥാനത്തിൽ വ്യാപകമായ തോതിൽ പ്രചരിപ്പിക്കുന്നതിനും ഈ ചികിത്സാരീതി കേരളത്തിലെ ജനങ്ങൾക്ക് ഏറ്റവും ഭംഗിയായ രീതിയിൽ എത്തിക്കുന്നതിനും ആവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കണം. ഹോമിയോ ഡോക്ടർമാരിൽ കേര

ളത്തിൽ പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാരെപ്പറ്റി പല ആക്ഷേപങ്ങളുമുണ്ട്. ഡിഗ്രിയുള്ളവരുണ്ട്, ഡിഗ്രിയില്ലെന്ന് പറയുന്നവരുണ്ട്, ബോർഡ് വച്ചിട്ടുണ്ട്, ഇതെല്ലാം കണക്കിലെടുത്താൽ ഈ രംഗത്ത് ഏകദേശം പതിനായിരത്തോളം ആളുകൾ ഉണ്ട്. അങ്ങനെ ബോർഡ് വച്ചിട്ടുള്ള ഡോക്ടർമാരുടെ കണക്കെടുത്ത് അവരെ രജിസ്റ്റർ ചെയ്യണം. അതിന് ഒരു പ്രത്യേക രജിസ്റ്റർ സംവിധാനം ഏർപ്പെടുത്തണം. അങ്ങനെ ബിൽ പ്രാവർത്തികമാക്കുന്ന തീയതി മുതൽ ഒരു വർഷക്കാലമോ അഞ്ചു വർഷക്കാലമോ എടുത്ത് രജിസ്റ്റർ ചെയ്ത്, ചെറിയ ഫീസ് ഈടാക്കിക്കൊണ്ട് നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാനും ഓരോ അഞ്ചു വർഷക്കാലം കൂടുമ്പോഴോ മൂന്നു വർഷക്കാലം കൂടുമ്പോഴോ രജിസ്ട്രേഷൻ പുതുക്കാനും ആവശ്യമായ നിയമ നിർമ്മാണത്തിനുള്ള ഉദ്ദേശലക്ഷ്യം വച്ചുകൊണ്ടാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. കെ. ബാബു : ബഹു. പി. രാജു ഹോമിയോപ്പതി ക്ലിനിക്കുകളിൽ ജോലി ചെയ്തിരുന്ന ആളുകൾ രണ്ടുമൂന്നു കൊല്ലങ്ങൾ കഴിയുമ്പോൾ സ്വയം ഡോക്ടറായി മാറുന്ന ഏർപ്പാടുണ്ടെന്ന് പറയുകയുണ്ടായി. അതിൽ വല്ല അടിസ്ഥാനവുമുണ്ടോ?

ശ്രീ. പി. രാജു : അത് പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. ഇൻഡ്യാ രാജ്യത്തും വിദേശത്തും ഹോമിയോ പ്രാക്ടീഷണർമാർക്കുവേണ്ടി ഒട്ടേറെ ഡിഗ്രികൾ ഇന്ന് ലഭ്യമാകുന്നുണ്ട്. അത് ന്യായമാണോയെന്ന് പരിശോധിക്കപ്പെടണം. വ്യാജ ഡിഗ്രി ലഭ്യമാക്കുന്നതിനുവേണ്ടിയല്ല. നിയമാനുസൃതം ഇൻഡ്യയിലെ വിവിധ പ്രദേശങ്ങളിലെ ഗവൺമെന്റുകളും ഏജൻസികളും നടത്തുന്ന പരീക്ഷകൾ പാസ്സായി ഡിഗ്രി സമ്പാദിച്ചിട്ടുള്ള ആളുകൾക്ക് ബോർഡ് വച്ച് പ്രാക്ടീസ് ചെയ്യുന്നതിനുവേണ്ടിയുള്ള ലക്ഷ്യം നേടുന്നതിനുവേണ്ടിയാണ് ഞാൻ ഈ ബിൽ ഇവിടെ അവതരിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

ശ്രീ. പാലോട് രവി : ഹോമിയോപ്പതിയുടെ ഉത്ഭവം അങ്ങേയ്ക്ക് അറിയാമല്ലോ. ദീർഘകാലം അലോപ്പതി പ്രാക്ടീസ് ചെയ്തിരുന്ന ഒരു ഡോക്ടർ അലോപ്പതി പരാജയമാണെന്ന് ലോകത്ത് ബോദ്ധ്യപ്പെടുത്തിക്കൊണ്ടാണ് ഹോമിയോപ്പതിയുടെ മരുന്ന് കണ്ടുപിടിക്കുന്നത്. ഇതുമായി അങ്ങ് യോജിക്കുന്നുണ്ടോ? അലോപ്പതി പരാജയമാണെന്നു തന്നെയാണോ അങ്ങയുടെ അഭിപ്രായം? ഇതിന്റെ ഫൗണ്ടർ ദീർഘകാലം അലോപ്പതി ഡോക്ടറായിരുന്നു. എന്നിട്ടാണ് ഹോമിയോ മരുന്നിലേയ്ക്ക് തിരിയുന്നത്. ഹോമിയോ ആണോ അലോപ്പതിയെക്കാൾ നല്ലത് എന്നതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. പി. രാജു : കേരളത്തിൽ മൂന്നുതരത്തിലുള്ള ചികിത്സാരീതികളുണ്ട്. അതിനെല്ലാം അതിന്റേതായ ഗുണഫലങ്ങളുമുണ്ട്. എല്ലാം ഗുണഫലങ്ങൾ ലഭ്യമാക്കുന്ന വിധിയാണ്. ഒരു ചികിത്സാ രീതിയും മോശമല്ല.

ശ്രീ. സി.പി. ബാലൻവൈദ്യർ : ശ്രീ. പാലോട് രവി സൂചിപ്പിച്ചതും ശരിയല്ല: അലോപ്പതി പരാജയമാണെന്ന് പ്രചരിപ്പിക്കാനാണ് ഹോമിയോ കണ്ടുപിടിച്ചത് എന്ന സൂചന. മലേറിയ വ്യാപിച്ച ഒരു കാലത്ത് മലേറിയ ചികിത്സിക്കുന്ന കേന്ദ്രത്തിൽ ആ ഡോക്ടർ പോയ സമയത്ത് മലേറിയയ്ക്കുള്ള മരുന്ന് അദ്ദേഹം കൂടുതൽ കഴിച്ചു. അപ്പോൾ അദ്ദേഹത്തിന് മലേറിയ ഉണ്ടായി. അപ്പോൾ, രോഗം മാറ്റാൻ ഉപയോഗിക്കുന്ന മരുന്ന് കൂടുതൽ കഴിച്ചാൽ ആ രോഗ ലക്ഷണം ഉണ്ടാകുമെന്ന് കണ്ടുപിടിച്ച് അതിൽനിന്ന് വികസിപ്പിച്ചെടുത്തതാണ് ഹോമിയോ. അത് അലോപ്പതി ചികിത്സയുടെ അത്ര ബുദ്ധിമുട്ടും

LIBRARY ARCHIVES Kerala Legislative Assembly

പ്രയാസവുമില്ലാതെ ലളിതമായി സാധാരണ ഉപയോഗിക്കാൻ പറ്റാവുന്ന ഒന്നാണ്. 100 ഉറുപ്പിക കൺസൾട്ടിംഗ് ഫീ വാങ്ങിക്കുന്ന ഡോക്ടർമാരുണ്ട്. മരുന്നിന് 50-ഉം 100-ഉം ഉറുപ്പിക വാങ്ങിക്കുന്നവരുണ്ട്. അവരെക്കൂടി നിയന്ത്രിക്കാൻ ബഹു. മെമ്പർ മുൻകൈയെടുക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. പി. രാജു : ഇവിടെ ഹോമിയോപ്പതിയുടെ ചരിത്രത്തെക്കുറിച്ച് പരാമർശിച്ചു. What is Homeopathy? Homeopathy is a system of medicine whose principles are even older than Hippocrates. It seeks to cure in accordance with natural laws of healing and uses medicines made from natural substances: animal, vegetable, and mineral.

Homeopathy was "discovered" in the early 1800s by a German physician, Samuel Christian Friedrich Hehnemann.

നമ്മുടെ ശ്രീ. പാലോട് രവി പറഞ്ഞതുപോലെ അലോപ്പതി മെഡിസിൻ പരാജയപ്പെട്ടതുകൊണ്ടൊന്നുമല്ല അദ്ദേഹം ഹോമിയോയിലേക്ക് വന്നിട്ടുള്ളത്. അദ്ദേഹത്തിന്റെ ചരിത്ര പുസ്തകത്തിൽ അതു പറഞ്ഞിട്ടില്ല. നിരവധി രോഗങ്ങൾക്കുള്ള ചികിത്സാ സൗകര്യങ്ങൾ ഇന്ന് ഹോമിയോയിൽ ഉണ്ട്. കേരളത്തിലെ ഏറ്റവും വ്യാപകമായി കാണുന്ന ആസ്ത്മാ രോഗത്തിന് അലോപ്പതി ചികിത്സ നിരവധി നടത്തിയിട്ടും ആൾ ഇൻഡ്യാ മെഡിക്കൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ടിൽ പോയി റിസർച്ച് നടത്തിയിട്ടും പരിഹാരം കാണാൻ കഴിയാത്ത രോഗികൾക്ക് ഹോമിയോ ചികിത്സ കൊണ്ട് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അത് അലോപ്പതിയോടുള്ള വൈരാഗ്യം കൊണ്ടല്ല. ഹോമിയോയിൽ നിരവധി ഗുണങ്ങളുള്ള ചികിത്സാ വിധികളുണ്ട്.

ശ്രീ. കെ.സി. ജോസഫ് : ബഹു. മെമ്പർ പറഞ്ഞതനുസരിച്ച് ഞാനും ഹോമിയോ ട്രീറ്റ്മെന്റിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. പക്ഷേ എനിക്കൊരു സംശയം ഹോമിയോപ്പതിയിൽ ഈ ബിൽ കൊണ്ടുവന്നിട്ട് നിയന്ത്രണമേർപ്പെടുത്തിയാൽ പാരമ്പര്യമായിട്ട് പ്രത്യേകമായ പരീക്ഷാ യോഗ്യതയോ ബിരുദമോ ഇല്ലാതെ ചികിത്സിക്കുന്ന ആളുകൾക്ക് തടസ്സമുണ്ടാകുമോ?

ശ്രീ. പി. രാജു : ഇല്ല. ഈ ബില്ലിന്റെ ലക്ഷ്യംതന്നെ അതാണ്. നമ്മുടെ നാട്ടിൽ നിയമപരമായി അഞ്ചും പത്തും വർഷങ്ങളായി ഈ ഹോമിയോ രംഗത്ത് പ്രാക്ടീസ് ചെയ്യുന്ന ആളുകൾക്ക്..... ഡിഗ്രി മാത്രം പോര. അതിന് പ്രത്യേകമായ പീരീഡ് നിശ്ചയിച്ച് അങ്ങനെ പ്രാക്ടീസ് ചെയ്യുന്ന ആളുകളെ ഈ നിയമത്തിന്റെ കീഴിൽ കൊണ്ടുവന്ന് അവർക്ക് നിയമാനുസൃതം പ്രാക്ടീസ് ചെയ്യുന്ന സൗകര്യം ഏർപ്പെടുത്തി കൊടുത്താൽ കേരളത്തിൽ നമുക്ക് ഒട്ടേറെ സാദ്ധ്യതകൾ ഉണ്ടാക്കാൻ കഴിയും.

ശ്രീ. കെ.പി. രാജേന്ദ്രൻ : ഹോമിയോയിൽ ഡിഗ്രിയും ഡിപ്ലോമയും ഒക്കെയുണ്ട്. എന്നാൽ സ്വയം പഠിച്ച് ഇതുമായി ബന്ധമുള്ളവരുമായിട്ടുള്ള സുഹൃദ്ബന്ധം കൊണ്ട് കാര്യങ്ങൾ ചോദിച്ചു പഠിച്ച് മനസ്സിലാക്കി ചികിത്സിക്കുന്ന ധാരാളം ആൾക്കാരുണ്ട്. റിട്ടയേഡ് ചീഫ് എഞ്ചിനീയർ ഉൾപ്പെടെ നല്ല ഹോമിയോ ചികിത്സ നടത്തുന്ന ആളുകൾ നമ്മുടെ നാട്ടിലുണ്ട്. അങ്ങനെ അറിവു നേടി ചികിത്സിക്കുന്നവരെ ഇതു ബാധിക്കുമോ?

ശ്രീ. പി. രാജു : അവരെയൊന്നും ബാധിക്കുന്നതല്ല. ഹോമിയോയ്ക്ക് കറസ്പോണ്ടൻസ് കോഴ്സുണ്ട്. നിയമപരമായി അതിന് അംഗീകാരം കൊടുക്കാവുന്നതാണ്. അങ്ങനെ പാസ്സാകുന്നവരുണ്ട്. വിദേശ ഡിഗ്രി വച്ച്

LIBRARY ARCHIVES Kerala Legislative Assembly

പ്രാക്ടീസ് ചെയ്യുന്നവരുണ്ട്. കൗൺസിലിന്റെ മുമ്പിൽ അപേക്ഷ കൊടുത്തു കാത്തുനിന്ന് രജിസ്റ്റർ പരിശോധിച്ച് ലൈസൻസ് കൊടുക്കുന്നുണ്ട്. പോലീസുകാർ വന്ന് ഭീഷണിപ്പെടുത്തും. രാഷ്ട്രീയക്കാർ വന്ന് ഭീഷിപ്പെടുത്തും, സർക്കാർ ഉദ്യോഗസ്ഥന്മാർ വന്ന് ഭീഷണിപ്പെടുത്തും. അതൊന്നും അനുവദിക്കരുത്. നിയമപരമായി അവർക്ക് രജിസ്ട്രേഷൻ നൽകി, ഈ നിയമം നടപ്പാക്കാൻ കഴിയുന്ന ദിവസം വരെയുള്ളത് അനുവദിച്ചുകൊണ്ട് അതിനുള്ള സംവിധാനം ഏർപ്പെടുത്തണം. അത് ഇത്തിരി ബുദ്ധിമുട്ടുള്ള കാര്യമാണ്. കേരളത്തിലെ നിയമസഭാ എസ്റ്റിമേറ്റ്സ് കമ്മിറ്റി 1986-'87-ൽ ശ്രീ. എ.സി. ജോസ് അദ്ധ്യക്ഷനായി സമർപ്പിച്ച കമ്മിറ്റിയുടെ റിപ്പോർട്ടാണ്. കേരള ജനതയുടെ ആഹാര രീതി, സാമ്പത്തികശേഷി എന്നിവയുമായി പൂർണ്ണമായും പൊരുത്തപ്പെടാൻ കഴിയുന്നതാണ്. ഈ ഹോമിയോ രംഗത്ത് ചെലവ് കുറവാണ്. വളരെ കുറഞ്ഞ ചെലവിൽ ചികിത്സ നടത്താൻ കഴിയുന്നതാണ്. ഞാൻ ആദ്യം പറഞ്ഞ വളരെ ഗുരുതരമായ ഒരു രോഗമാണ് ക്യാൻസർ. ആ ക്യാൻസറിന് ഇന്ന് ആയുർവേദത്തിലോ അലോപ്പതിയിലോ കിട്ടാത്ത ചികിത്സ ഹോമിയോയിൽ ലഭ്യമാകുന്നുണ്ട്. ക്യാൻസർ വരുമ്പോൾ, കഠിനമായ വേദന വരുമ്പോൾ, ഒരുപക്ഷേ നമുക്ക് അലോപ്പതി ചികിൽസകൊണ്ടോ ആയുർവ്വേദ ചികിൽസകൊണ്ടോ രക്ഷപ്പെടാൻ കഴിയാതെ മരണത്തിലേയ്ക്ക് പോകുന്ന അവസ്ഥ ഉണ്ടാകുമ്പോഴും ആ കഠിനമായ വേദനയിൽ നിന്നും മോചനം ലഭിക്കാൻ ഇന്ന് ഹോമിയോ ചികിൽസ പ്രയോജനപ്പെടും എന്നുള്ളത് വളരെ സഹായകരമാണ്. അതുപോലെ തന്നെ ആസ്ത്മയ്ക്ക് എത്രയോ ചികിത്സകൾ നമ്മുടെ നാട്ടിൽ നടക്കുന്നുണ്ട്. ആയുർവേദ ചികിത്സയുണ്ട്. അലോപ്പതി ചികിത്സയുണ്ട്. ഹൈദ്രാബാദിൽ പോയി മത്സ്യം വിഴുങ്ങിയാൽ മാറുമെന്ന് പറയുന്നവരുണ്ട്. അതിന് യുനാനി ചികിത്സയുണ്ട്. പ്രകൃതി ചികിത്സ നടത്തുന്നുണ്ട്. അതിൽ നിന്നെല്ലാം എത്രയോ വ്യത്യസ്തമായി ..... നമ്മുടെ ബഹുമാന്യനായ നിയമവകുപ്പുമന്ത്രിയുടെ അനന്തരവനെയുംകൊണ്ട് പോകുകയാണ്. ഞാൻ എന്റെ അനുഭവംകൊണ്ട് പറയുകയാണ്. എനിക്ക് വീട്ടിൽ സ്വസ്ഥമായി കിടന്നുറങ്ങാൻ കഴിഞ്ഞിരുന്നില്ല. എന്റെ സഹധർമ്മിണി കടുത്ത ആസ്ത്മ രോഗിയായിരുന്നു. ഡൽഹിയിൽ ആൾ ഇൻഡ്യാ മെഡിക്കൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ടിൽ കൊണ്ടു പോയി. ആറു വർഷക്കാലം നിരവധി ആശുപത്രികളിൽ കയറിയിറങ്ങി. അവസാനം ജീവിതനൈരാശ്യം വന്ന് നിൽക്കുമ്പോഴാണ് ഞാൻ ഡോ. മുരളീധരനെ കാണുന്നത്. അദ്ദേഹം ഹോമിയോ ചികിത്സ നടത്തി. ഇന്നേവരെ എന്റെ വൈഫിന് ആസ്ത്മാ ശല്യം ഉണ്ടായിട്ടില്ല. എന്റെ സ്വന്തം അനുഭവത്തിൽനിന്നാണ് പറയുന്നത്. ഈ നിയമസഭയിലെ കാരണവരായിരുന്ന ശ്രീ. ബേബി ജോൺ സാറിനെ ചികിത്സിക്കുന്നത് ഈ ഡോ. മുരളീധരനാണ്. വളരെ പ്രയോജനം ഉണ്ടാകുന്നുണ്ട്.

ശ്രീ. കെ.പി. രാജേന്ദ്രൻ : ഹോമിയോ ആയാലും ആയുർവേദമായാലും അലോപ്പതിയായാലും ഏറ്റവും നല്ല ചികിത്സ കിട്ടണം, ചെലവ് കുറഞ്ഞതു കൂടിയായിരിക്കണം. അതുകൊണ്ടായിരിക്കും ഒരുപക്ഷേ ആളുകൾ ഹോമിയോയിലേക്ക് പോകുന്നത്. എന്നാൽ അതിലും ഇപ്പോൾ ചെലവ് കൂടിക്കൊണ്ടിരിക്കുകയാണ്. യുനാനി, യോഗ ഇവയൊക്കെ മരുന്നുപോലുമില്ലാതെ ഒരു ചെലവുമില്ലാതെ ചികിത്സിക്കുന്ന രീതിയാണുള്ളത്. അതുപോലുള്ള ചികിത്സാ രീതികൾ കൂടി ഇതിന്റെ ഭാഗമായിട്ട് വളർത്തിയെടുത്താൽ മാത്രമേ നമ്മുടെ ചികിത്സ മെച്ചപ്പെടുത്താൻ കഴിയുകയുള്ളുവെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാജു : ഞാൻ യോഗ ചികിത്സ നടത്തുന്ന ആളാണ്. യോഗയും നല്ലതാണ്. നമ്മുടെ സർക്കാർ ഹോമിയോ ചികിത്സാരീതി മെച്ചപ്പെടുത്തുന്നതി നുള്ള നടപടിസ്വീകരിച്ചിട്ടുണ്ട്. നമ്മുടെ കേരളത്തിൽ പണ്ട് നമുക്ക് മൂവായിര ത്തിനും ഏഴായിരത്തിനും ഇടയ്ക്ക് ജനസംഖ്യാടിസ്ഥാനത്തിൽ ഒരു ഡോക്ടർ അല്ലെങ്കിൽ ഒരു ബെഡ് എന്ന സംവിധാനമാണ് ഉണ്ടായിരുന്നത്. അത് മാറ്റിയെടു ക്കണം. ഇപ്പോൾ 50 ഹോമിയോ ആശുപത്രികൾ ആരംഭിച്ചു. ഒരുപാട് ചികിത്സ കൾ നടക്കുന്നുണ്ട്. അതുകൊണ്ട് ഹോമിയോ രംഗം കുറച്ചുകൂടി വിപുലമായി മാറ്റേണ്ടതുണ്ട്. പണ്ട് നമുക്ക് ഹോമിയോ ആശുപത്രികളിൽ രോഗികളെ കിടത്തി ചികിത്സിക്കണമെന്ന ധാരണ ഉണ്ടായിരുന്നില്ല. വെറുതേ മരുന്ന് കൊടുത്തുവിടു ന്ന, പൊതി കൊടുത്തുവിടുന്ന, സമ്പ്രദായം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതു കൊണ്ട് ഇതിന്റെ ഭാഗമായിത്തന്നെ കേരളത്തിൽ ഹോമിയോ ഡിസ്പെൻസറി കൾ ശക്തിപ്പെടുത്താൻ കഴിയണം. ഹോമിയോ ആശുപത്രികളിൽ നല്ല ബെഡ്ഡു കൾ ഉണ്ടാക്കി രോഗികളെ കിടത്തി ചികിത്സിക്കുന്നതിനും മറ്റും ആവശ്യമായ സൗകര്യങ്ങളോടുകൂടി മറ്റു മെഡിസിനോട്അലോപ്പതിയോടും ആയുർവേദ ത്തോടും മത്സരിക്കാൻ കഴിയുന്ന വിധത്തിൽ ഹോമിയോ രംഗത്തെക്കൂടി സജീ വമാക്കിക്കൊണ്ടുവരണം. മറ്റു മേഖലകൾ-അലോപ്പതിയും ആയുർവേദവും ഒട്ടും മോശമല്ല; അതിന്റേതായ ഘട്ടങ്ങൾ ഉണ്ട്. ഉദാഹരണം ഞാൻ ചൂണ്ടിക്കാ ണിക്കാം: ഒരു ആക്സിഡന്റ് പറ്റിയാൽ നമ്മുടെ ഉദ്ദേശം എന്താ? മെഡിക്കൽ കോളേജിലോ; ഗവൺമെന്റ് അലോപ്പതി ആശുപത്രിയിലോ മാത്രമേ ചികിത്സ ഉള്ളൂ എന്നാണ്, ശരിയല്ലേ? ബ്ലീഡിംഗ് ഉണ്ടാകുന്നു. കൈ മുറിഞ്ഞ് രക്തം പോകുന്നു: ഹോമിയോയിലെ മരുന്ന് ഉപയോഗപ്പെടുത്തിക്കൊണ്ട് അത് നിയന്ത്രി ക്കാനുള്ള കഴിവ് ഇന്നുണ്ട്. അലോപ്പതിയിൽ അതിനെക്കാൾ കൂടുതൽ ഉണ്ടായേ ക്കാം. ഇതെല്ലാം സമ്മിശ്രമായ ചികിത്സാരീതികളാണ്. ആ ചികിത്സാരീതിക ളെല്ലാം സമന്വയിപ്പിച്ച് കൊണ്ടുപോകുന്നതോടൊപ്പംതന്നെ ഇന്ന് ഈ രംഗത്ത് പ്രവർത്തിക്കുന്ന, സേവനം നടത്തിക്കൊണ്ടിരിക്കുന്ന, ആയിരക്കണക്കിന് ഹോമിയോ ഡോക്ടർമാരുണ്ട്, അവരെ ഒരു നിയമത്തിന്റെ കീഴിൽ കൊണ്ടുവന്ന് നിയമാനുസൃതം രജിസ്റ്റർ ചെയ്ത്, (ട്രാവൻകൂർ കൊച്ചിൻ ആക്ട് നിലനിൽക്കു ന്നില്ലേ; എത്രയോ വർഷങ്ങൾക്കുമുമ്പുള്ളതാണ്. ആ ട്രാവൻകൂർ കൊച്ചിൻ ആക്ടിൽ കാലാനുസൃതമായ മാറ്റം വരുത്തിക്കൊണ്ട് ഈ ഡോക്ടർമാരെ രജിസ്റ്റർ ചെയ്ത് അവരെ ഒരു നിയമത്തിന്റെ കീഴിൽ കൊണ്ടുവന്നാ കേരള ത്തിലെ ജനങ്ങളുടെ സേവനത്തിനുവേണ്ടി പ്രയോജനപ്പെടുത്താൻ ലക്ഷ്യം വച്ചു കൊണ്ടാണ് ഞാൻ ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ബഹു. ആരോഗ്യ വകുപ്പു മന്ത്രി അലോപ്പതിയോടും ആയുർവേദത്തോടും ഹോമിയോപ്പതിയോടും എല്ലാ ത്തിനോടും നല്ല മമതയുള്ള ആളാണ്. അതുകൊണ്ട് അദ്ദേഹം ഇത് സൗമനസ്യ ത്തോടെ പരിഗണിച്ച് ഈ ബിൽ ആവശ്യമായ ഭേദഗതികൾ വരുത്തി നിയമസഭ യിൽ അവതരിപ്പിച്ച് കേരളത്തിൽ നടപ്പാക്കാൻ നടപടി സ്വീകരിക്കും എന്ന് പ്രതീ ക്ഷിച്ചുകൊണ്ട് ഞാൻ ഇത് അവതരിപ്പിക്കുകയാണ്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : സർ, ബഹു. ശ്രീ. പി. രാജു അതിസമർത്ഥമായി ഹോമിയോപ്പതിയുടെ കഴിവു കളെയും മികവുകളെയും കുറിച്ച് ഇവിടെ സമർത്ഥിച്ചു. ബഹു. എല്ലാ മെമ്പർമാരും അതുമായി സഹകരിക്കുന്നതും കാണാൻ കഴിഞ്ഞു. എന്നാൽ ഗവൺമെന്റിനെ സംബന്ധിച്ച് ചില പ്രയാസങ്ങൾ ഉണ്ട്. ഇപ്പോൾ വിവിധ ചികിത്സാ രീതികൾ സ്വീകരിച്ചിട്ടുള്ള ഡോക്ടർമാരുടെ രജിസ്ട്രേഷന് യാതൊരു നിയമവും ഇല്ല. തിരുവിതാംകൂർ - കൊച്ചി പ്രദേശത്ത് 1953-ലെ തിരു-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് നിയമമാണ് നിലവിലുള്ളത്. മല

ബാറിൽ 1914-ലെ മദ്രാസ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് നിയമവും നില നിൽക്കുന്നു. അതിനുപുറമേ കേന്ദ്ര ഗവൺമെന്റിന്റെ ചില പ്രത്യേക നിയമ ങ്ങളും ഉണ്ട്. അലോപ്പതിക്ക് 1956-ലെ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ആക്ടുണ്ട്. ഹോമിയോപ്പതിയിൽ 1973-ലെ ഹോമിയോപ്പതിക് സെൻട്രൽ കൗൺസിൽ ആക്ടുണ്ട്. ഭാരതീയ ജനസാഹിതിക്ക് 1974-ലെ ഇന്ത്യൻ മെഡി സിൻ സെൻട്രൽ കൗൺസിൽ ആക്ട് എന്നിങ്ങനെ നിലനിൽക്കുന്നു. ഈ മൂന്ന് സിസ്റ്റവും ഇപ്പോൾ നിലനിൽക്കുന്നുണ്ടെങ്കിലും കേരളത്തിൽ നമ്മുടെ ഒരു പൊതുനിയമം ആവശ്യമാണെന്ന് മുൻകാല ഗവൺമെന്റ് തീരുമാനിച്ചത നുസരിച്ച് '96-ൽ കാബിനറ്റ് അംഗീകാരം നൽകിയ ഒരു കരട് ബിൽ നമ്മുടെ കൈയിൽ ഇരിക്കുകയാണ്. ഈ ബില്ലിന് ക്യാബിനറ്റ് അപ്രൂവൽ കിട്ടിയെ ങ്കിലും കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമാണ്. അതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. സർക്കാർ പരിഗണനയിലുള്ള ഈ ബില്ലിൽ, കേരള മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബില്ലിൽ, ഹോമിയോ മെഡി ക്കൽ പ്രാക്ടീഷണേഴ്സിനെക്കൂടി ഉൾപ്പെടുത്തി അവരുടെ രജിസ്ട്രേഷനും അതുമായി അനുബന്ധമായ മറ്റ് കാര്യങ്ങളുംകൂടി ഉൾപ്പെടുത്തിയുള്ള കുറ്റമറ്റ ഒരു ബിൽ കൊണ്ടുവരാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം കേരള ഗവൺമെന്റിന് അലോപ്പതിയോടും ആയുർവേദത്തോടും ഹോമിയോ യോടും സമദൂര സിദ്ധാന്തമാണ്. ഒന്നിനോടും പ്രത്യേകമായ സ്നേഹമില്ല. പ്രത്യേകമായ അകൽച്ചയില്ല ഇതെല്ലാം നമ്മൾ ഉൾക്കൊള്ളുന്നു. കേരളത്തിൽ 'ഹോമിയോ പൊതി' എന്നാണ് നമ്മളൊക്കെ കുട്ടികളായിരുന്നപ്പോൾ കേട്ടിരു ന്നത്. പണ്ടെല്ലാം പൊതിഞ്ഞു കൊടുക്കുന്ന മരുന്നുകളായിരുന്നു. നാടൻ ഭാഷയിൽ അംഗീകരിക്കപ്പെട്ടിരുന്നു. അതുകൊണ്ട് ഈ സിസ്റ്റം നമുക്ക് എതിർക്കപ്പെടേണ്ടതല്ല. ശ്രീ. രാജുവിന്റെ ഇക്കാര്യത്തിലുള്ള ആത്മാർത്ഥ തയും ജനങ്ങളുടെ ആത്മാർത്ഥതയും കണക്കിലെടുക്കുന്നുണ്ട്. സമീപ ദിവ സങ്ങളിൽ ചില മെഡിക്കൽ ക്യാമ്പുകളിലൊക്കെ ഞാൻ പോയിരുന്നു, ഹോമിയോ മെഡിക്കൽ ക്യാമ്പുകളിലാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് ഇത് സ്ത്രീകളുടെയും കുട്ടികളുടെയും ഒരു ചികിത്സാ രീതിയാണെന്നുള്ള ഒരു ധാരണ മാറി വയസന്മാരായ ആളുകളും എല്ലാവിധ ചികിത്സയ്ക്കും ഈ ഹോമിയോ ക്യാമ്പിൽ വരുന്നതായിട്ട് എനിക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ ഹോമിയോ ഡോക്ടർമാരുടെ കാര്യവും, ഹോമിയോപ്പതി ചികിത്സയുമായി ബന്ധപ്പെട്ട് അംഗീകാരം കൊടുക്കുന്ന കാര്യവുമെല്ലാം പരി ഗണിച്ച് സമഗ്രമായ ബിൽ മിക്കവാറും അടുത്ത സഭയിൽ കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. അതുകൊണ്ട് ബഹു. ശ്രീ. രാജു ഇത് പ്രസ് ചെയ്യേണ്ടതില്ല എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. നമുക്ക് ഒരു കുറ്റമറ്റ ബിൽ അവതരിപ്പിക്കാൻ സാധിക്കും, അക്കാര്യത്തിൽ ഗവൺമെന്റിന് അതീവ താല്പര്യമുണ്ട്. ഗവൺമെന്റ് സജീവമായി മുന്നോട്ടുപോകുകയും ചെയ്യുന്ന സാഹചര്യത്തിൽ ഈ ബില്ലിനെ പ്രസ് ചെയ്യേണ്ട കാര്യമില്ല. ഗവൺമെന്റ് ഇത് ഉൾക്കൊള്ളുന്നു. ആ നിലയിൽ ഇത് അദ്ദേഹം പ്രസ് ചെയ്യരുത് എന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ശ്രീ. പി. രാജു അവതരണാനുമതിക്കുള്ള പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. രാജു : ബഹു. നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രി ഈ ബില്ലി നെക്കുറിച്ച് പറയുകയും പരിഗണിക്കാൻ തയ്യാറാകുകയും ഒരു പുതിയ ബിൽ അടുത്ത സഭയിൽ കൊണ്ടുവരുമെന്ന് ഇവിടെ ഉറപ്പു നൽകുകയും ചെയ്ത തിന്റെ അടിസ്ഥാനത്തിൽ, ഞാൻ ഇത് പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : സഭയുടെ അനുമതിയോടുകൂടി പ്രമേയം പിൻവലിച്ചിരി ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly